ഇന്ത്യയിൽ ഒരു പാർട്ടിയും ഇന്നു വർഗവാദത്തെയോ, മതവാദത്തെയോ, ജാതിവാദത്തെയോ നിരുത്സാഹപ്പെടുത്തുന്നില്ല.

നായർസമ്മേളനത്തിൽ പതാക ഉയർത്താനും ബ്രാഹ്മണസമ്മേളനം ഉദ്ഘാടനംചെയ്യാനും പുലയസമ്മേളനത്തിൽ സമാപന പ്രസംഗം നടത്താനും ജമായത്തേ ഇസ്ലാമിസമ്മേളനത്തിൽ ആശംസാപ്രസംഗം ചെയ്യാനും മാർത്തോമ്മാ അസോസിയേഷന്റെ തറക്കല്ലിടാനും എല്ലാം നിങ്ങൾക്കു മന്ത്രിമാരെ കിട്ടും. മന്ത്രിമാർ വേണ്ടെങ്കിൽ പ്രതിപക്ഷനേതാക്കളെ.

'മതനിരപേക്ഷമായിരിക്കണമെന്നു ഭരണഘടന അനുശാസിച്ചിരിക്കുന്ന ഇന്ത്യൻ പാർലമെണ്ടറി ജനാധിപത്യം ഇന്നു വർഗ–ജാതി മത സംഘടനകളെ താലോലിച്ചു വളർത്തുകയും, വർഗ–ജാതി–മതസംഘടനകളുടെ ബലത്തിൽമാത്രം നിലനിൽക്കുകയും പുഷ്ടിപ്പെടുകയും ചെയ്യുന്നു.

അതേസമയം, മിക്ക പാർട്ടികളും ഹിന്ദുനവോത്ഥാന വാദത്തിനു് എതിരാണു് എന്നതു വിചിത്രമായ വസ്തുത ആകുന്നു.

നായർക്കു നായരായി സംഘടിക്കാം. ഈഴവനു് ഈഴവനായും; ബ്രാഹ്മണനു് ബ്രാഹ്മണനായും. അങ്ങനെ അവർ സംഘടിച്ചാൽ, അവരെ 'ഉൾക്കൊള്ളാൻ' ഏതു പാർട്ടിക്കും സന്തോഷമേ ഉള്ളൂ.

എന്നാൽ, നായരും ഈഴവനും ബ്രാഹ്മണരും ചേർന്നു ഹിന്ദുവായി സംഘടിക്കുന്നതു് എല്ലാ പാർട്ടികൾക്കും അരോചകമാണു്. അതിനു കോൺഗ്രസ്സും അതിൽനിന്നുത്ഭവിച്ച പാർട്ടികളും, കമ്യൂണിസ്റ്റ്പാർട്ടിയും അതിൽനിന്നുത്ഭവിച്ച പാർട്ടികളും പ്രകടമായി എതിരുമാണു്. കാരണം, ഹിന്ദുക്കൾ സംഘടിക്കുമ്പോൾ അതു് ഭൂരിപക്ഷത്തിന്റെ വർഗീയവാദമായിത്തീരുന്നു.

ഹിന്ദുക്കൾ ഭൂരിപക്ഷമാണു്. പക്ഷേ, നായരും ഈഴവനും ബ്രാഹ്മണനും എല്ലാം ന്യൂനപക്ഷങ്ങളാണു്. മുസ്‌ലിങ്ങളും ക്രിസ്ത്യാനികളും സിക്കുകാരും ന്യൂനപക്ഷങ്ങളാണു്. സ്ത്രീകളും ന്യൂനപക്ഷംതന്നെ!

ന്യൂനപക്ഷങ്ങൾക്കു ന്യായമായ താല്പര്യങ്ങളുണ്ടു്. ഈ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടേണ്ടവയാണു്. അവ സംരക്ഷിക്കാൻ ന്യൂനപക്ഷങ്ങൾക്കു സംഘടിക്കാം. ഈ ന്യൂനപക്ഷ സംഘടനകളെ 'ദേശീയ'പാർട്ടികൾക്കു് ഉൾക്കൊള്ളുകയുംചെയ്യാം. ഉൾക്കൊള്ളാൻ പററാത്തവയുമായി സഹകരിക്കാം.

പക്ഷേ, ഭൂരിപക്ഷമാകയാൽ ഹിന്ദുക്കൾ ഹിന്ദുക്കളെന്നനിലയിൽ സംഘടിച്ചുകൂടാ. കാരണം ഭൂരിപക്ഷ വർഗീയവാദം നിഷിദ്ധമാണു്.

ഇന്ത്യൻ പാർലമെണ്ടറി ജനാധിപത്യം ഇന്നു് എത്തി നിൽക്കുന്നതു് ഇത്തരമൊരു വൈരുദ്ധ്യത്തിലാകുന്നു.

(21 മെയ്, 1983)

# 33. മതനവീകരണം. മതനിരപേക്ഷത

വ്യവസായവല്ക്കരണത്തിനു ഭൗതിക–ഊർജം ആവശ്യമാണല്ലോ, സൂര്യരശ്മി, മലമുകളിലെ വെള്ളം, മരം മുതലായ സമകാല പ്രഭവങ്ങളിൽനിന്നു് ഒരളവുവരെ ഊർജം നേടാം. എന്നാൽ, കൂടുതൽ ഊർജവും നേടുന്നതു മൃതകാല പ്രഭവങ്ങളായ കൽക്കരി, എണ്ണ, യുറേനിയം മുതലായവയിൽനിന്നാണു്.

ജനാധിപത്യം, ദാരിദ്ര്യനിവാരണം, മതനിരപേക്ഷത, സാർവത്രിക വിദ്യാഭ്യാസം, സമത്വം മുതലായ സാമൂഹ്യ മൂല്യങ്ങൾ നേടുകയാണു നമ്മുടെ ഇന്നത്തെ രാഷ്ട്രീയലക്ഷ്യം. ഇവയെ എല്ലാം ചേർത്തു് 'ആധുനികീകരണം' എന്നു വിളിക്കാം. ആധുനികീകരണത്തിന്റെ ഒരു ഘടകം മാത്രമാണു വ്യവസായവല്ക്കരണം. വ്യവസായവല്ക്കരണത്തിനെന്നപോലെ അതു് ഉൾപ്പെടെയുള്ള ആധുനികീകരണത്തിനും വളരെ വലിയ തോതിൽ ഊർജം ആവശ്യമുണ്ടു്. ആധുനികീകരണത്തിനു് ആവശ്യമായ ഊർജത്തിൽ വളരെ ചെറിയ ഭാഗം കൽക്കരിയിൽനിന്നും എണ്ണയിൽനിന്നും മററും കിട്ടുന്ന ഭൗതിക–ഊർജമാണു്. ഭൗതിക–ഊർജത്തെക്കാൾ എത്രയോ അധികം മാനസികവും ബുദ്ധിപരവുമായ ഊർജവും ആധുനികീകരണത്തിനാവശ്യമുണ്ടു്.

കുറെക്കൂടി മെച്ചപ്പെട്ട രാഷ്ട്രീയ സംവിധാനമോ സാമ്പത്തിക സംവിധാനമോ മുകളിൽനിന്നു വച്ചുകെട്ടിയതു കൊണ്ടുമാത്രം ഒരു ജനത ആധുനികീകരിക്കപ്പെടുകയില്ല. യൂറോപ്പിലെ അപരിഷ്കൃത ഗോത്രങ്ങൾക്കുമേൽ പരിഷ്കൃതമായ റോമൻ സാമ്രാജ്യം വളരെ ശതാബ്ദങ്ങളോളം ആധിപത്യം ചെലുത്തി. എന്നാൽ, റോമൻസാമ്രാജ്യം തകർന്നു വീണതോടെ യൂറോപ്പിലെ ജനതകൾ വീണ്ടും ഏറെക്കുറെ കാടത്തത്തിലേക്കു തിരിച്ചുപോയി. ഗതകാല മഹിമയെ അനുസ്മരിപ്പിച്ചുകൊണ്ടു്, തകർന്ന റോമൻ കെട്ടിടങ്ങളുടെയും വലിയ റോമൻ റോഡുകളുടെയും നഷ്ടാവശിഷ്ടങ്ങൾ മാത്രം ശേഷിച്ചു. ഇവ ഇപ്പോഴും യൂറോപ്പിൽ പലേടത്തും കാണാം. നീണ്ടുനിന്ന ഒരു അന്ധകാര യുഗത്തിനുശേഷമാണു പിന്നീടു് യൂറോപ്പിൽ നവോത്ഥാനമുണ്ടായതു്. നവോത്ഥാനം നേടിയ യൂറോപ്പു് റോമൻ ഭരണസംവിധാനത്തിൽനിന്നും നിയമസംഹിതയിൽ നിന്നും വളരെയേറെ സ്വീകരിച്ചു സ്വാംശീകരിക്കുകയുണ്ടായി. റോമൻ സാമ്രാജ്യത്തിന്റെ പരിഷ്കൃത ജീവിതരീതി സ്വീകരിച്ചു വികസിപ്പിക്കുന്നതിനുള്ള മാനസികപക്വത യൂറോപ്പിലെ അപരിഷ്കൃത വർഗക്കാർക്കു കൈവന്നതു് റോമാസാമ്രാജ്യം തകർന്നു ശതാബ്ദങ്ങൾക്കു ശേഷമാണു്.

ദീർഘകാലത്തെ അടിമത്തത്തിനുശേഷം സ്വാതന്ത്ര്യം നേടിയ ഇന്ത്യ അടക്കമുള്ള ഏഷ്യൻ–ആഫ്രിക്കൻ രാജ്യങ്ങളുടെ കാര്യത്തിൽ ഈ ഉദാഹരണം തികച്ചും പ്രസക്തമാണു്. രാഷ്ട്രീയമായ ജനാധിപത്യമോ, സാമ്പത്തികമായ വ്യവസായവല്ക്കരണമോ നടപ്പിൽ വരുന്നതിനോടൊപ്പംതന്നെ, ഈ പുതിയ രാഷ്ട്രീയ–സാമ്പത്തിക വ്യവസ്ഥിതികൾ അവയുടെ സ്പിരിററിൽ നടപ്പിൽ വരുത്തുന്നതിനുള്ള മാനസിക പക്വത ഈ രാജ്യങ്ങളിലെ ജനങ്ങൾ നേടേണ്ടിയിരിക്കുന്നു. ശതാബ്ദങ്ങളായി നിലവിലുള്ള ജാതിഭേദങ്ങളും മത–ഗോത്രകലഹങ്ങളും സ്ത്രീകളുടെ അസ്വാതന്ത്ര്യവും അപരിഷ്കൃതങ്ങളായ ആചാരങ്ങളും എല്ലാം സമൂഹചേതനയിൽ ആഴത്തിൽ പായിച്ച വേരുകൾ പറിച്ചു മാറേറണ്ടിയിരിക്കുന്നു. മാനസികമായ ഒരു വിപ്ലവം മുൻകൂട്ടി ഉണ്ടാകുന്നില്ലെങ്കിൽ, രാഷ്ട്രീയ–സാമ്പത്തിക മേഖലകളിലെ വിപ്ലവം അലസിപ്പോവുകയോ, ഏകാധിപത്യംപോലുള്ള ക്രൂരതകളിൽചെന്നു് അവസാനിക്കുകയോ ചെയ്യാനുള്ള സാദ്ധ്യത ഏഷ്യൻ–ആഫ്രിക്കൻ രാജ്യങ്ങളിലുണ്ടു്.

മാനസികവിപ്ലവം കൈവരുത്തുന്നതിനാവശ്യമായ മാനസിക–ബൗദ്ധിക ഊർജം നമുക്കു് എവിടെ നിന്നാണു ലഭിക്കുക? ഭൗതിക–ഊർജത്തിന്റെ കാര്യത്തിലെന്നപോലെ, മാനസിക–ഊർജത്തിന്റെ കാര്യത്തിലും സമകാല–ഊർജപ്രഭവങ്ങളും ഭൂതകാല–ഊർജപ്രഭവങ്ങളും നാം ഉപയോഗപ്പെടുത്തേണ്ടിയിരിക്കുന്നു. സമകാല പ്രഭവങ്ങളിൽ

നിന്നു മാനസികോർജത്തിൽ കുറെ നമുക്കു നേടുവാൻ കഴിയും. എന്നാൽ, ആധുനികീകരണത്തിനാവശ്യമായ മാനസിക—ഊർജത്തിൽ വളരെ വലിയ ഒരളവോളം നാം ഭൂതകാലപ്രഭവങ്ങളിൽനിന്നുതന്നെ സമ്പാദിക്കേണ്ടിയിരിക്കുന്നു.

ഭൗതിക—ഊർജം നൽകുന്ന കൽക്കരി, എണ്ണ മുതലായ ഭൂതകാല പ്രഭവങ്ങളുടെ കാര്യത്തിൽ ഇന്ത്യ വളരെ സമ്പന്നമെന്നു പറഞ്ഞുകൂടാ. എന്നാൽ, മാനസിക—ഊർജം പ്രദാനംചെയ്യുന്ന കല സാഹിത്യം, തത്ത്വചിന്ത, ചരിത്രം മുതലായവയുടെ കാര്യത്തിൽ ലോകത്തിലെ ഏററവും സമ്പന്നങ്ങളായ രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. മനുഷ്യന്റെ ചിന്തയും ഭാവനയും നേടിയ അത്യുൽകൃഷ്ട സിദ്ധികളിൽ ചിലതു് ഇന്ത്യയിൽ രേഖപ്പെടുത്തിവയ്ക്കപ്പെട്ടിരിക്കുന്നു. അജന്തയിലെ ചിത്രങ്ങളും മഹാബലിപുരത്തെ ശില്പങ്ങളും മധുരയിലെയും കാഞ്ചീപുരത്തെയും ക്ഷേത്രങ്ങളും താജ്മഹലും രാമായണവും മഹാഭാരതവും കാളിദാസന്റെ കൃതികളും ഹിന്ദുസ്ഥാനി—കർണാടകസംഗീതപദ്ധതികളും കഥകളിയും ഭരതനാട്യവും ശങ്കരൻ, രാമാനുജൻ, മാധ്വൻ മുതലായവരുടെ തത്ത്വദർശനങ്ങളും ചരകന്റെയും സുശ്രുതന്റെയും വൈദ്യശാസ്ത്രസംഹിതകളും വരാഹമിഹിരന്റെ ഹോരയും, മററു പലതും ഈ സിദ്ധികളിൽ ഉൾപ്പെടുന്നു. ഈ പട്ടിക ഇനിയും എത്രയോ നീട്ടാവുന്നതാണ്. ഇന്ത്യയുടെ നവോത്ഥാനത്തിന്റെ പ്രാരംഭദശയിൽ രാം മോഹൻറായിയും ദയാനന്ദ സരസ്വതിയും വിവേകാനന്ദനും അരവിന്ദഘോഷും ഗാന്ധിയും നെഹ്റുവും ഇന്ത്യയുടെ ഭൂതകാലിക—ഊർജപ്രഭവങ്ങളിൽനിന്നു ശക്തി സംഭരിക്കുകയും, ഇന്ത്യയെ ആധുനികീകരിക്കുന്നതിനു് ഈ ഊർജം പരമാവധി ഉപയോഗപ്പെടുത്തുകയുംചെയ്തു. ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനത്തിനു ശക്തിയെന്നപോലെ സൗന്ദര്യവും നൽകിയതു് ഈ ഭൂതകാലപ്രഭവങ്ങളിൽനിന്നു ലഭിച്ച ഊർജമാണ്. ഊർജത്തിന്റെ ആവശ്യം ഇന്നും ഇല്ലാതായിട്ടില്ല. മാത്രമല്ല, അപചയാവസ്ഥയിലെത്തി നില്ക്കുന്ന മുതലാളിത്തത്തിന്റെ ആപൽക്കരങ്ങളായ തിന്മകൾ ഫാഷനെന്ന നിലയിൽ യുവജനങ്ങൾക്കിടയിൽ പ്രചരിച്ചു് അവരുടെ മനസ്സിന്റെ സമനിലയെയും സമൂഹത്തിന്റെ ഭദ്രതയെയും അപകടപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ചരിത്രം നമുക്കു കനിഞ്ഞരുളിയ ഈ ഭൂതകാല—ഊർജപ്രഭവങ്ങളെ വേണ്ടവിധം ഉപയോഗപ്പെടുത്തി ഭൗതിക പുരോഗതിയോടൊപ്പം മാനസിക പുരോഗതികൂടി നിലവിൽ വരുത്താൻ ശ്രമിക്കാതിരിക്കുന്നതു് അക്ഷന്തവ്യമായ കൃത്യവിലോപംകൂടി ആയിരിക്കും.

നമ്മുടെ പാരമ്പര്യത്തിലെ ഏററവും നല്ല ഘടകങ്ങളെ പുനരുജ്ജീവിപ്പിച്ചു സമകാലജീവിതത്തിനാവശ്യമായ സന്തുലനം നാം നേടേണ്ടിയിരിക്കുന്നു. ഈ പുനരുജ്ജീവനത്തെ, വേണമെങ്കിൽ, 'റിവൈവൽ' എന്നു വിളിക്കാം. ഇതൊരിക്കലും ദോഷകരമല്ല; ഈ പുനരുജ്ജീവനത്തിന്റെ പ്രസക്തി ഒരിക്കലും ഇല്ലാതാവുകയുമില്ല. ദീർഘകാലത്തെ അടിച്ചമർത്തലിനു കീഴ്പ്പെട്ടിരുന്ന ജനതകളിലെല്ലാം ഇത്തരം പുനരുജ്ജീവനത്തിനുള്ള ശക്തമായ ചോദനകൾ ഉറവെടുത്തുയരുന്നതായി നാം കാണുന്നു. ചിലേടങ്ങളിൽ ഇതു ഭാഷകളുടെ പുനരുജ്ജീവനമായി രൂപം കൊള്ളുന്നു. ബ്രിട്ടീഷ് ദ്വീപുകളുടെ ഭാഗമായ വെയ്ത്സിൽ, എത്രയോ ശതവർഷങ്ങളായി പ്രചാരം നശിച്ചുപോയിരുന്ന വെൽഷ്ഭാഷ, യുദ്ധാനന്തര ദശകങ്ങളിൽ പുനരുജ്ജീവിക്കപ്പെടുകയും വിദ്യാഭ്യാസത്തിന്റെ എല്ലാത്തലങ്ങളിലും സ്ഥാനം നേടുകയുംചെയ്തു. സ്പെയിനിലും ഫ്രാൻസിലും പാർക്കുന്ന ഒരു ചെറുവിഭാഗമായ ബാസ്കുകൾ അവരുടെ വിസ്മൃത പ്രായമായ ഭാഷയ്ക്കു പുനരുജ്ജീവനം നൽകുന്നതിനു സാഹസികമായ ഒരു ശ്രമത്തിലേർപ്പെട്ടിരിക്കുകയാണ്. അമേരിക്കൻ ഇന്ത്യക്കാരു

ടെ ഭാഷകളിലും വൻതോതിൽ പുനരുജ്ജീവനം ഉണ്ടായിവരുന്നുണ്ട്. ഇന്ത്യയിൽ പല ഭാഗങ്ങളിലും ഭാഷാപരമായ പുനരുജ്ജീവനം ഉണ്ടായിവരുന്നതിനെ ആശങ്കയോടെ വീക്ഷിച്ച് അടിച്ചമർത്തുകയല്ല വേണ്ടത്. ഒരു ഭാഷയ്ക്ക്, അതു മാതൃഭാഷയായി സംസാരിക്കുന്ന ജനങ്ങളുടെ ജീവിതത്തിൽ, അർഹമായ സ്ഥാനം ലഭിച്ചേ മതിയാവൂ. ഭാഷാസ്വാതന്ത്ര്യമെന്നതു ജനതയുടെ മൗലിക സ്വാതന്ത്ര്യത്തിന്റെ ആദ്യത്തെ പടിയാണ്.

ചിരകാലമായി വിച്ഛിന്നമായ തങ്ങളുടെ പഴയ സംസ്കാരത്തിലേക്കു തിരിച്ചൊരു തീർത്ഥയാത്ര നടത്താനുള്ള ആഗ്രഹത്തിലും അസാധാരണമായി ഒന്നുമില്ല. അമേരിക്കൻ നീഗ്രോകൾക്കിടയിൽ 'നീഗ്രോത്വം' അന്വേഷിച്ചുള്ള ഒരു പ്രയാണം ദൃശ്യമാണ്. ആർതർ ഹേലിയുടെ 'റൂട്ട്സ്' എന്ന പുസ്തകം ഇത്തരമൊരു പ്രയാണത്തിന്റെ ഐതിഹാസികചരിത്രമാകുന്നു. 'നീഗ്രോപഠനങ്ങൾ' അമേരിക്കൻ സർവകലാശാലകളിൽ ഗൗരവപൂർവം ഏർപ്പെടുത്തപ്പെട്ടിട്ടുള്ളതാണു മറ്റൊരുദാഹരണം. ഇതുകൊണ്ടൊക്കെ എന്തു പ്രയോജനം എന്നു ചോദിക്കാം. ആധുനികീകരണത്തിനുള്ള മാനസിക—ഊർജം ജനതയ്ക്കു കൈവരുന്നു എന്നതാണ് പ്രയോജനം. താൻ മറ്റ് ആരെക്കാളും മോശമല്ല എന്ന ബോധം ഓരോ വ്യക്തിക്കും കൈവരുന്നതു ജനാധിപത്യത്തിന്റെ ആദ്യത്തെ പടിയാണ്. സ്വന്തം പൈതൃകത്തിലും സംസ്കാരത്തിലും അഭിമാനമില്ലാത്ത ഒരാൾ എങ്ങനെ മറ്റൊരാളോടു സമത്വം അവകാശപ്പെടും?

'റിവൈവൽ' അഥവാ പുനരുജ്ജീവനം ദോഷകരമല്ലെങ്കിൽക്കൂടി 'റിവൈവലിസം' പുരോഗതിയുടെ വലിയൊരു തടസ്സമാണെന്നതിൽ സംശയമില്ല. എന്താണ് 'റിവൈവലിസം?' സമകാലപുരോഗതിക്കു വേണ്ടി ഭൂതകാലമഹിമയെ ഉപയോഗപ്പെടുത്തുന്നതാണ് 'റിവൈവൽ' എങ്കിൽ, സമകാലയാഥാർത്ഥ്യങ്ങളിൽനിന്നു പിൻതിരിഞ്ഞു ഭൂതകാലമഹിമയ്ക്കുള്ളിൽ കടിയേറിപ്പാർക്കുന്നതാണ് 'റിവൈവലിസം'. പുനരുജ്ജീവനം ഇവിടെ പുനരുജ്ജീവനശാഠ്യമായി മാറുന്നു. പുനരുജ്ജീവനശാഠ്യക്കാർ ഏറിയ കൂറും ഊന്നുന്നതു ഗതകാലസംസ്കാരത്തിലെ നിത്യപ്രസക്തിയുള്ള മൂല്യങ്ങളിലല്ല, മറിച്ച് എന്നോ പ്രസക്തി നശിച്ചു കഴിഞ്ഞ ആചാരങ്ങളിലാണ്. ഖനിയിൽനിന്നു കൽക്കരി കുഴിച്ചെടുത്തു ബോയ്ലറിൽ അതു കത്തിച്ച് ഊർജമുണ്ടാക്കുന്നതാണ് റിവൈവൽ (പുനരുജ്ജീവനം). ഫാക്ടറിയിൽ പണിക്കു പോകാതെ ഖനിയിലിറങ്ങി പാർപ്പുറപ്പിക്കുന്നതാണ് 'റിവൈവലിസം' (പുനരുജ്ജീവനശാഠ്യം). 'റിവൈവലിസ'ത്തിലടങ്ങിയ യുക്തിശൂന്യതയും നിരർത്ഥകതയും സാമാന്യബുദ്ധിയുള്ളവർക്കു കണ്ടറിയാൻ പ്രയാസമില്ല. എന്നിട്ടും വലിയ തോതിൽ 'റിവൈവലിസം' (പുനരുജ്ജീവനശാഠ്യം) ഇന്ത്യയിൽ ഇന്നുണ്ടെങ്കിൽ അതിനു കാരണം, താൽക്കാലികങ്ങളായ രാഷ്ട്രീയലക്ഷ്യങ്ങൾക്കുവേണ്ടി 'റിവൈവലിസ'ത്തെ ഉപയോഗപ്പെടുത്താൻ എല്ലാ പാർട്ടികളും തയ്യാറാണെന്നതാണ്. ബാലറ്റ് പേപ്പർ വീട്ടിലേക്ക് അയച്ചു കൊടുക്കുകയും, പൗരന്മാർ തങ്ങളുടെ സൗകര്യംപോലെ ബൂത്തിൽ ചെന്നു വോട്ടുപെട്ടിയിൽ അതു നിക്ഷേപിക്കുകയുമെന്ന പരിഷ്കൃത—ജനാധിപത്യസമ്പ്രദായം ഇന്ത്യയിൽ നടപ്പിലായിട്ടില്ല. ഇവിടെ വോട്ടർമാരെ, ആടുകളെയെന്നപോലെ, ബൂത്തിലേക്ക് ആട്ടിത്തെളിച്ചുകൊണ്ടു പോകുന്ന സമ്പ്രദായമാണ് ഇന്നും. രാഷ്ട്രീയപരിപാടിയുടെ പേരിൽ ജനങ്ങളെ ആവേശംകൊള്ളിച്ചു ബൂത്തിലെത്തിക്കാൻ കഴിവില്ലാത്ത പാർട്ടികളും മതം പറഞ്ഞോ, ജാതി പറഞ്ഞോ ആവേശം കൊള്ളിച്ച് അവരെക്കൊണ്ടു വോട്ടുചെയ്യിക്കാൻ ശ്രമിക്കുന്നു. ജാതി, മതം, സമുദായം, ഭാഷ, പ്രദേശം മുതലായ ഘടകങ്ങൾ ഇരുതല

മൂർച്ചയുള്ള രാഷ്ട്രീയായുധങ്ങളായി ഇന്ത്യയിൽ മാറിയിരിക്കുന്നു. 'വോട്ടുബാങ്ക'കളെ ആസ്പദമാക്കി നടക്കുന്ന ജനാധിപത്യത്തിൽ ഇതു് ഒരുപക്ഷേ അനിവാര്യമായിരിക്കാം.

തികച്ചും മതനിരപേക്ഷമെന്നു പ്രഖ്യാപിക്കപ്പെട്ട ഒരു ഭരണഘടനയെ നിലനിർത്തുന്നതിനു മതങ്ങളെ മാത്രമല്ല, അവയിലെ ചെറിയ ചെറിയ അവാന്തരവിഭാഗങ്ങളെപ്പോലും വിവേകശൂന്യമായി ഉപയോഗപ്പെടുത്തിവരുന്നു. ശക്തി കുറഞ്ഞ ഒട്ടനവധി പാർട്ടികളുടെ ഐക്യമുന്നണി അധികാരം കൈയാളുന്ന വ്യവസ്ഥിതിയിൽ യാഥാസ്ഥിതികരായ ന്യൂനപക്ഷനേതാക്കളുടെ എന്താവശ്യവും സാധിച്ചുകൊടുക്കാൻ രാഷ്ട്രീയപാർട്ടികൾ തയ്യാറാവുന്നു. ന്യൂനപക്ഷവർഗീയത വളരുന്ന തോതിൽ ഭൂരിപക്ഷവർഗീയതയും വളരാതിരിക്കുകയില്ല. ന്യൂനപക്ഷത്തിന്റെയും ഭൂരിപക്ഷത്തിന്റെയും അടക്കം എല്ലാ വർഗീയതകളെയും എതിർക്കുകയും, ഒരു തരത്തിലുംപെട്ട വർഗീയതയ്ക്കും തെരഞ്ഞെടുപ്പു പ്രക്രിയയിലും ഭരണപ്രക്രിയയിലും പരിഗണന നൽകാതിരിക്കുകയും ചെയ്യുമ്പോൾ മാത്രമേ നമ്മുടെ സർക്കാർ 'സെക്യുലർ' ആയിത്തീരുകയുള്ളൂ. പാർട്ടികൾ ന്യൂനപക്ഷവർഗീയതയെ പ്രോത്സാഹിപ്പിക്കുമ്പോൾ ബഹുജനങ്ങൾ ഭൂരിപക്ഷവർഗീയതയുടെ ഭാഗത്തേക്കു നീങ്ങിപ്പോവുന്നു. പരിതാപകരമെങ്കിലും ഇതു സ്വാഭാവികം മാത്രമാണു്.

സിക്കുകാരിൽ ചിലരെങ്കിലും ഒരു സ്വതന്ത്രപരമാധികാര സിക്കു രാഷ്ട്രത്തിനുവേണ്ടി വാദിക്കുന്നുണ്ടല്ലോ. സിക്കുകാർ ഒരു വ്യത്യസ്ത ജനതയാണു് എന്ന വാദമാണു് ഇതിനു് ഉപോദ്ബലകമായി അവർ ഉന്നയിക്കുന്നതു്. ജനത വ്യത്യസ്തമാണെങ്കിൽ, സിക്കുകാർക്കു വ്യത്യസ്ത സാമൂഹ്യനിയമങ്ങളുണ്ടാകണം; ഹിന്ദു സാമൂഹ്യനിയമങ്ങൾ ബാധകമാകരുതു്. തങ്ങൾക്കു വ്യത്യസ്തമായ വൈയക്തികനിയമം (പേഴ്സണൽ ലാ) വേണമെന്ന വാദം സിക്കുകാർ ഇപ്പോൾ ഉയർത്തുന്നുണ്ടു്. മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും ഇപ്പോൾ വ്യത്യസ്ത വൈയക്തികനിയമങ്ങളുണ്ടു്. എങ്കിൽ, സിക്കുകാർക്കു് എന്തുകൊണ്ടു വേറിട്ടൊരു സാമൂഹ്യനിയമം ഉണ്ടായിക്കൂടാ? ഹിന്ദുക്കളിൽത്തന്നെ നായർക്കൊരു നിയമവും ഈഴവനു മറ്റൊരു നിയമവും നമ്പൂതിരിക്കു് ഇനിയൊരു നിയമവുമെന്ന നില കേരളത്തിലുണ്ടായിരുന്നുവല്ലോ.

ദായക്രമം, സ്വത്തവകാശം മുതലായ പൊതുവായ വസ്തുതകൾ സംബന്ധിച്ച കാര്യങ്ങളിൽ എല്ലാ ഇന്ത്യൻ പൗരന്മാർക്കും ബാധകമായ പൊതുനിയമങ്ങൾ ഇന്ത്യൻ പാർലമെന്റ് പാസാക്കി ഇന്ത്യയിലൊട്ടുക്കും നടപ്പിൽ വരുത്തണമെന്ന ആവശ്യവും ഗൗരവമായി ഉന്നയിക്കേണ്ട കാലമായി എന്നു് എനിക്കു തോന്നുന്നു. ഇന്ത്യയ്ക്കാകെ ഒരു പീനൽകോഡ് മതിയെങ്കിൽ, ഒരൊററ സാമൂഹ്യനിയമവും മതിയാവും. ഏതാനും ചില മതക്കാരുടെ ബഹുഭാര്യാത്വം മുതലായ ചില വ്യത്യസ്ത സമ്പ്രദായങ്ങൾക്കു നിയമപ്രകാരം സംരക്ഷണം നൽകണമെങ്കിൽ, പൊതുനിയമത്തിൽത്തന്നെ അതിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്താവുന്നതാണു്. ഇന്ത്യ ഒരു രാഷ്ട്രമാണെങ്കിൽ, ആ രാഷ്ട്രത്തിനു് ഒരൊററ സാമൂഹ്യനിയമമേ ആവശ്യമുള്ളൂ. ഈ പരമാർത്ഥം അംഗീകരിക്കാതെ, വോട്ടുബാങ്കുകളിൽ കണ്ണു നട്ടു്, നാം വ്യത്യസ്തസമുദായങ്ങൾക്കു വ്യത്യസ്തനിയമങ്ങൾ നിർമിച്ചു നിലനിർത്തുന്നപക്ഷം, ഇന്നു് സിക്കുകാർ എന്നപോലെ, നാളെ മററു ചില സമൂഹങ്ങളും ഇന്നു് ഇന്ത്യയായി അറിയപ്പെടുന്ന ഭൂപ്രദേശത്തു തങ്ങളുടെ സ്വതന്ത്രരാഷ്ട്രങ്ങൾ സ്ഥാപിക്കണമെന്ന വാദം ഉന്നയിച്ചുകൂടായ്കയില്ല.

ജനാധിപത്യത്തിൽ വിട്ടുവീഴ്ച പ്രധാനമാണു്; അതുപോലെ തന്നെ പ്രധാനമാണു് ഭൂരിപക്ഷത്തിന്റെ ന്യായമായ തീരുമാനം ദൃഢമാ

യി നടപ്പിൽ വരുത്തുകയെന്നതും. മാർദവം എപ്പോൾ, ദാർഢ്യം എപ്പോൾ എന്നു തീരുമാനിക്കുന്നതിലാണ് ഭരണനേതാക്കളുടെ രാഷ്ട്രതന്ത്രജ്ഞതയുടെ പരീക്ഷണം. അമേരിക്കൻ ഐക്യനാടുകളിൽ അടിമത്തം അവസാനിപ്പിക്കുകയെന്ന പ്രശ്നത്തിൽ ഒരു ആഭ്യന്തരയുദ്ധത്തിലേർപ്പെടാൻ അബ്രഹാം ലിങ്കൺ മടിച്ചില്ല. ദൃഢനിശ്ചയമുണ്ടെങ്കിൽ സമാധാനപരമായിത്തന്നെ പരിഹാരം കാണാൻ പ്രയാസമില്ലാത്ത ലഘുപ്രശ്നങ്ങൾ, യഥാകാലം നടപടികൾ കൈക്കൊള്ളാത്തതു നിമിത്തം വിനാശകരമായ ആഭ്യന്തരയുദ്ധങ്ങളിലേക്കു നയിച്ചതിന്റെ ഉദാഹരണങ്ങളും ചരിത്രത്തിൽ വിരളങ്ങളല്ല. നിർഭാഗ്യവശാൽ ഇന്ത്യയിൽ സംഭവങ്ങൾ ആ വഴിക്കാണു നീങ്ങുന്നതെന്നു തോന്നുന്നു. അങ്ങനെ വരാതിരിക്കട്ടെ!

ഇന്ത്യയുടെ ഭൗതികപുരോഗതിയും, ഇന്ത്യൻ പൗരന്മാരുടെ സമാധാനപരമായ നിലനിൽപും സെക്യുലറിസത്തെ ആശ്രയിച്ചു നിലനിൽക്കുന്നു. സെക്യുലറിസം ഭരണഘടനയിൽ എഴുതിവച്ചാൽ മാത്രം പോരാ, നിയമങ്ങളിലൂടെ അതിനു പ്രവൃത്തിക്ഷമമായ രൂപം നൽകുകയും പ്രവർത്തനത്തിലൂടെ അതു മൂർത്തമായി നടപ്പിൽ വരുത്തുകയും വേണം. സെക്യുലറിസം എന്നതിന് അർത്ഥം നമ്മുടെ പഴയ സംസ്കാരത്തെ അവഗണിക്കണമെന്നല്ല. മറിച്ച് സാമ്പത്തികവും രാഷ്ട്രീയവുമായ ആധുനികീകരണത്തിന് ഇന്ത്യയിലെ ജനകോടികൾ തയ്യാറാവണമെങ്കിൽ, അതിനു മുമ്പ് മാനസികമായ ആധുനികീകരണം അവരിൽ ഉണ്ടാകേണ്ടതുണ്ട്. ഈ മാനസിക—ആധുനികീകരണത്തിനുള്ള ഊർജത്തിൽ വലിയ പങ്ക് നമ്മുടെ പഴയ സംസ്കാരത്തിന്റെ നല്ല വശങ്ങളിൽനിന്ന് ആർജിക്കേണ്ടിയിരിക്കുന്നു.

(18 ഫെബ്രുവരി, 1984)

# 34. ഏകാത്മതായജ്ഞം

ഇന്ത്യയ്ക്ക് അകത്തും പുറത്തുമുള്ള ഹിന്ദുക്കൾക്കിടയിൽ മതബോധവും ഐക്യഭാവനയും വളർത്തുകയെന്ന ലക്ഷ്യത്തോടെ സ്ഥാപിക്കപ്പെട്ട മതസംഘടനയാണ് 'വിശ്വഹിന്ദുപരിഷത്ത്'. കേരളീയർക്കു സുപരിചിതനായ സ്വാമി ചിന്മയാനന്ദജി ആണ് ഈ പരിഷത്തിന്റെ ഒന്നാമത്തെ പ്രസിഡണ്ട്. ഇപ്പോഴത്തെ അതിന്റെ പ്രസിഡണ്ട് മേവാറിലെ മഹാറാണാ ഭഗവത്സിംഗ് ആണ്.

മതത്തിന്റെ പേരിൽ പാക്കിസ്ഥാൻ (ബംഗ്ലാദേശ് ഉൾപ്പെടെ) പിരിഞ്ഞുപോയശേഷം അവശേഷിച്ച ഇന്ത്യയുടെതന്നെ ഐക്യവും അഖണ്ഡതയും നിരന്തരഭീഷണികൾക്കു വിധേയമായിക്കൊണ്ടിരിക്കയാണല്ലോ. ഈ പശ്ചാത്തലത്തിൽ, ഇന്ത്യയുടെ അഖണ്ഡതയിൽ ഊന്നുന്നതിനും, ഒന്നിനൊന്നു വിരുദ്ധമായ ആചാരങ്ങൾകൊണ്ടും വിചാരങ്ങൾകൊണ്ടും ചിന്നിച്ചിതറിയ ഹിന്ദുക്കൾക്കിടയിൽ ഐക്യബോധം ഉദ്ദീപിപ്പിക്കുന്നതിനും വിശ്വഹിന്ദുപരിഷത്ത് ആസൂത്രണം ചെയ്ത പരിപാടിയാണ് 'ഏകാത്മതായജ്ഞം'.

വാസ്തവത്തിൽ ഇതൊരു തീർത്ഥയാത്രയാണ്. മൂന്നു തീർത്ഥയാത്രകളാണ് എന്നും പറയാം. ഇന്ത്യയുടെ തെക്കേ അററംമുതൽ വടക്കേ അററംവരെയും കിഴക്കേ അററംമുതൽ പടിഞ്ഞാറേ അററംവരെയും ഉള്ള ഈ തീർത്ഥയാത്രകളിലൊന്ന് നേപ്പാളിലെ കാഠ്മാണ്ഡുനഗരത്തിൽ ആരം